പാഠം 12 ഡിസംബർ 16–22

# തിന്മയെ നന്മകൊണ്ട് ജയിക്കുക

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചത്തെ പഠനത്തിനു വായിക്കുക: റോമർ 12,13.**

**മനഃപാഠവാക്യം: "ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ". റോമർ 12:2**

ന്യായപ്രമാണത്തെപ്പറ്റിയുള്ള റോമാക്രിസ്ത്യാനികളുടെ തെറ്റിദ്ധാരണ നീക്കാൻ പൗലൊസ് കഠിനയത്നം ചെയ്തു. അനുസരണത്തിന്റെ ഉയർന്ന മാനദണ്ഡം പുലർത്താൻ എല്ലാ ക്രിസ്ത്യാനികളോടും പൗലൊസ് ആഹ്വാനം ചെയ്യുന്നു. അനുസരണത്തിന്റെ മഹിമ ഹൃദയത്തിലും മനസ്സിലും ഉണ്ടാകുന്ന ആന്തരിക പരിവർത്തനം മൂലം ലഭിക്കുന്നതാണ്. ഈ പരിവർത്തനം സാദ്ധ്യമാകുന്നത് കർത്താവിൽ പൂർണ്ണമായി സമർപ്പിക്കപ്പെടുമ്പോഴാണ്.

അനുസരണം സ്വയം പ്രേരിതമാണെന്നു റോമാലേഖനത്തിൽ ഒരിടത്തും ഒരു സൂചനപോലും ഇല്ല. ഒരു ക്രിസ്ത്യാനി അനുസരണയുള്ളവനായി തീരണമെങ്കിൽ അതിനുള്ള അത്യാവശ്യ ഘടകങ്ങൾ എന്തൊക്കെയാണെന്നുള്ളതിനെക്കുറിച്ചു ജ്ഞാനമുണ്ടായിരിക്കണം. ആ വ്യക്തിക്ക് അവ അനുസരിക്കാനുള്ള മനസ്സുണ്ടായിരിക്കണം. മാത്രമല്ല, അനുസരിക്കാനുള്ള ശക്തിയും ഒരു ക്രിസ്ത്യാനി അന്വേഷിക്കണം. ആ ശക്തിയില്ലാതെ അനുസരണം അസാദ്ധ്യമാണ്.

പ്രവൃത്തിയും ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു ഭാഗം ആണ്. പൗലൊസ് പ്രവൃത്തി ഒരിക്കൽപ്പോലും കുറച്ചുകാണുന്നില്ല. 13 മുതൽ 15–ാം അദ്ധ്യായം വരെയുള്ള ഭാഗത്തു പ്രവൃത്തിയുടെ പ്രസക്തി ഊന്നിപറയുന്നുണ്ട്. പൗലൊസ് നേരത്തേ പറഞ്ഞ "വിശ്വാസത്താൽ നീതീകരണം" ഇവിടെ തള്ളിപ്പറയുകയല്ല. പ്രവൃത്തി വിശ്വാസത്താൽ ജീവിക്കുന്നതിന്റെ യഥാർത്ഥ പ്രകടനമാണ്. യേശുക്രിസ്തു വന്നതിനുശേഷമുള്ള വെളിപ്പെടുത്തൽ മുഖാന്തരം പഴയനിയമകാലത്തു പാലിക്കേണ്ട നിയമങ്ങളെക്കാൾ ദുഷ്കരമാണ് പുതിയനിയമകാലത്തെ നിയമസംഹിതകൾ എന്ന് ഒരാൾക്കു വാദിക്കാം. എല്ലാ പുതിയനിയമ വിശ്വാസികൾക്കും, യേശുക്രിസ്തുവിൽ പാലിക്കേണ്ട സാന്മാർഗ്ഗീയ നിയമങ്ങൾ നൽകിയിട്ടുണ്ട്. നാം എന്തു പാലിക്കണം എന്നു വേറെ ആരും നമുക്ക് ഉപദേശിച്ചു തരേണ്ട ആവശ്യം ഇല്ല. "ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലി. 2:5). വേറെ ആരിലും ഉദാഹരണമായി, മോശെയിലോ ദാനീയേലിലോ ദാവീദിലോ ശലോമോനിലോ ഹാനോക്കിലോ ദേബോറയിലോ ഏലീയാവിലോ ഈ ഭാവം ഇല്ല. യേശുക്രിസ്തുവിൽ മാത്രം. ഇതിൽ കൂടുതൽ നിലവാരം ഇനിയും ഉണ്ടാകാനില്ല ഉണ്ടാകത്തും ഇല്ല.

**യുക്തിയുക്തമായ നിങ്ങളുടെ തീരുമാനം**

11-ാം അദ്ധ്യായത്തോട് റോമാലേഖനത്തിലെ തത്വചിന്തകൾ അടങ്ങിയ ഭാഗങ്ങൾ അവസാനിക്കുന്നു. 12 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ പ്രായോഗിക നിർദ്ദേശങ്ങളും വ്യക്തികേന്ദ്രീകൃത നിയമങ്ങളും ഉൾക്കൊള്ളുന്നതാണ്. എന്നിരുന്നാലും ഈ അവസാന അദ്ധ്യായങ്ങൾ വളരെയധികം പ്രാധാന്യം അർഹിക്കുന്നതാണ്. കാരണം, ഈ അദ്ധ്യായങ്ങളിലാണ് ഒരു ക്രിസ്ത്യാനി എങ്ങനെ ജീവിക്കണമെന്നുള്ളതു ചൂണ്ടിക്കാണിക്കുന്നത്.

തുടക്കക്കാർക്ക് 'വിശ്വാസം' അനുസരണത്തിനു പകരമല്ല. 'വിശ്വാസം' ദൈവത്തെ അനുസരിക്കുന്നതിൽനിന്നും ആരെയും വിലക്കുന്നില്ല. സാന്മാർഗ്ഗീയ ന്യായപ്രമാണങ്ങൾ ഇന്നും ശക്തമായി തന്നെ നിലനില്ക്കുന്നു. പുതിയനിയമത്തിൽ കൂടുതൽ വിവരിക്കപ്പെട്ടിട്ടുണ്ട് എന്നു മാത്രമല്ല ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു ക്രിസ്ത്യാനിക്ക് സാന്മാർഗ്ഗീയ ന്യായപ്രമാണം കൊണ്ടു തന്റെ ജീവിതത്തെ നിയന്ത്രിക്കാം എന്ന് ഒരു സൂചനപോലും തിരുവചനത്തിൽ ഇല്ല. മറിച്ച്, ചില അവസരങ്ങളിൽ 'സ്വയത്തെയും' പരീക്ഷകളെയും നേരിട്ടു തോല്പിക്കുന്നതു ദുഷ്കരമാകും (1 പത്രൊസ് 4:1). ഓരോ ക്രിസ്ത്യാനിക്കും വിജയം നേടുന്നതിനുള്ള ഉറപ്പും അതിനുള്ള ദൈവീകശക്തിയും വാഗ്ദത്തം ചെയ്തിട്ടുണ്ട്. ശത്രു വിഹരിക്കുന്ന ഈ ലോകത്താണു നാമെല്ലാം ജീവിക്കുന്നത്. പരീക്ഷ ജയിക്കുന്നതിനായി നാം ശത്രുവിനോടു പോരാടേണ്ടതായി വരുന്നു. ഒന്നല്ല അനേക യുദ്ധങ്ങൾ ചെയ്യേണ്ടിവരും. നമുക്കു തെറ്റുപറ്റിയാലോ നാം വീണുപോയാലോ നമ്മൾ ഉപേക്ഷിക്കപ്പെടുന്നില്ല. നമുക്കായി പക്ഷവാദം ചെയ്യുന്ന സദാ ജീവിക്കുന്ന ഒരു മഹാപുരോഹിതൻ നമുക്കുണ്ട് എന്നത് ഒരു സദ്വാർത്തയാണ് (എബ്രായർ 7:25).

**വായിക്കുക: റോമർ 12:1 ഇവിടെ അവതരിപ്പിച്ച ഭാഗീയ സാദൃശ്യം ഒരു ക്രിസ്ത്യാനി എങ്ങനെ ജീവിക്കണം എന്ന് അവനെ ബോധ്യപ്പെടുത്തുന്നു? റോമർ 12:2 ഇവിടെ എങ്ങനെ യോജിക്കുന്നു?**

റോമർ 12:1 പഴയനിയമ യാഗത്തെക്കുറിച്ചു പൗലൊസ് പരോക്ഷമായി പരാമർശിക്കുന്നു. പുരാതനകാലത്തു മൃഗങ്ങളെ ദൈവത്തിനു യാഗമായി അർപ്പിച്ചിരുന്നു. ഇന്നു ക്രിസ്ത്യാനികൾ അവരവരുടെ ശരീരങ്ങളെ ദൈവത്തിനു യാഗമായി അർപ്പിക്കണം. ശരീരത്തെ കൊല്ലാനല്ല, പിന്നെയോ ദൈവവേലയ്ക്കായി ജീവിക്കുന്ന യാഗമായിത്തീരണം.

പുരാതന യിസ്രായേല്യ കാലഘട്ടത്തിൽ കൊണ്ടുവന്നിരുന്ന എല്ലാ യാഗവസ്തുക്കളും (മൃഗങ്ങൾ) സസൂക്ഷ്മം പരിശോധിക്കപ്പെട്ടിരുന്നു. എന്തെങ്കിലും ന്യൂനത കണ്ടുപിടിച്ചാൽ അതു നിരസിക്കപ്പെട്ടിരുന്നു. കാരണം, യാഗമൃഗം ന്യൂനതയില്ലാത്തതായിരിക്കണമെന്നു ദൈവം നിഷ്കർഷിച്ചിട്ടുണ്ട്. അതുകൊണ്ടു ക്രിസ്ത്യാനി തന്റെ ശരീരത്തെ ദൈവത്തിനു പ്രസാദമുള്ള വിശുദ്ധയാഗമായി അർപ്പിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ ചെയ്യണമെങ്കിൽ അവരുടെ ശക്തി മുഴുവനും ആവുന്ന വിധത്തിൽ ദോഷം തട്ടാതെ കാത്തുസൂക്ഷിക്കണം. നമ്മളിൽ ആരും

തന്നെ കളങ്കരഹിതരല്ല. നമ്മൾ നിർമ്മലരായും വിശ്വസ്തരായും ജീവിക്കാൻ ശ്രദ്ധിക്കണം.

**"ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ" റോമർ 12:2. ഇപ്രകാരം അപ്പൊസ്തലൻ ക്രിസ്ത്യാനികളായവരുടെ വളർച്ചയ്ക്കു പുരോഗതിയുണ്ടാകണമെന്നു വിവരിക്കുന്നു. ക്രിസ്തീയ ജീവിതം മുരടിച്ചുനില്ക്കുന്ന അവസ്ഥയില്ല. പിന്നെയോ വളർന്നുകൊണ്ടേയിരിക്കുന്ന അവസ്ഥയാണ്." മാർട്ടിൻ ലൂഥർ, Commentary on Romans pp 167, 168. ക്രിസ്തീയ ജീവിതത്തിൽ നല്ലതിൽനിന്നും മേന്മയുള്ളതിലേക്ക് എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്?**

**തിങ്കൾ** **ഡിസംബർ 18**

**ശാന്തമായി ചിന്തിക്കാൻ**

ഈ ക്വാർട്ടറിൽ ദൈവത്തിന്റെ സാന്മാർഗ്ഗീയ ന്യായപ്രമാണത്തിന്റെ അനശ്വരത വളരെയധികം ചർച്ച ചെയ്തിട്ടുണ്ട്. പത്തു കല്പന അടങ്ങുന്ന സാന്മാർഗ്ഗീയ ന്യായപ്രമാണം ഒരിക്കലും മാറ്റപ്പെട്ടിട്ടില്ലായെന്നു പൗലൊസ് റോമാലേഖനത്തിൽ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നുണ്ട്. 'വിശ്വാസം' മൂലം ന്യായപ്രമാണത്തിന്റെ പ്രസക്തി ഒട്ടും നഷ്ടപ്പെട്ടിട്ടും ഇല്ല.

എന്നാൽ ന്യായപ്രമാണത്തിന്റെ പ്രസക്തി വീണ്ടും വീണ്ടും ഊന്നിപറയുന്നതുകൊണ്ടു റോമാലേഖനത്തിലെ കാതലായ ആശയം നമുക്കു നഷ്ടപ്പെടുന്നോ എന്നൊരു സംശയം. ആ കാതലായ സത്യം 'സ്നേഹം' തന്നെ. ദൈവത്തോടുള്ള സ്നേഹവും മനുഷ്യരോടുള്ള സ്നേഹവുമാണ്. ഒരാൾ സ്നേഹമുണ്ടെന്ന് അവകാശപ്പെടുകയും ദിനംതോറുമുള്ള ജീവിതത്തിൽ അതു ദർശിക്കാതെ ഇരിക്കുകയും ചെയ്യുന്നതു ശരിയായ സ്നേഹമല്ല.

**വായിക്കുക: റോമർ 12:3-21. എങ്ങനെയാണ് മറ്റുള്ളവരോടു സ്നേഹം പ്രകടിപ്പിക്കേണ്ടത്?**

1 കൊരിന്ത്യർ 12,13 അദ്ധ്യായങ്ങളിൽ പൗലൊസ് ആത്മാവിന്റെ ഫലത്തെക്കുറിച്ചു വിവരിച്ചതിനുശേഷം "സ്നേഹത്തെ" വാനോളം പുകഴ്ത്തുന്നു. ഗ്രീക്കു പദമായ "അഗാപ്പേ' (Agape) മലയാളത്തിൽ ഭാഷാന്തരം ചെയ്തിരിക്കുന്നത് 'സ്നേഹം' എന്നാണ്. 'അഗാപ്പേ' എന്ന പദം വളരെ ഔന്നത്യത്തോടെ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് "ദൈവം സ്നേഹം തന്നെ" എന്നാണ് (1 യോഹന്നാൻ 4:8). അതുകൊണ്ടു 'സ്നേഹം' എന്ന പദം ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്നു. ഒരാളെ സ്നേഹിക്കുക എന്നു പറഞ്ഞാൽ ദൈവം ഒരാളെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുക എന്നാണ്. ദൈവം ഒരാളെ കരുതുന്നതുപോലെ കരുതുക എന്നും ആണ്.

ഈ സ്നേഹം എങ്ങനെ പ്രകടിപ്പിക്കണമെന്ന് അയഞ്ഞ ലളിതമായ ഒരു മാർഗ്ഗം പൗലൊസ് അപ്പൊസ്തലൻ നിർദ്ദേശിക്കുന്നു. ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഘടകം "വ്യക്തിഗത എളിമ" ആണ്. ഒരുവൻ, അവൻ ആയിരിക്കുന്നതിൽ അല്പം പോലും കൂടുതൽ ആകാതെ സ്വമനസ്സാലെ ചെയ്യുന്ന കർമ്മം(പ്രവൃത്തി)

ആണ് അത് (റോമർ 12:3). സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ (റോമർ 12:10). നിങ്ങളെത്തന്നെ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത്. ക്രിസ്തുവിന്റെ വാക്കുകളിൽ തന്നെ കേൾക്കാം "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ" (മത്തായി 11:29). ലാളിത്യം ആണ് ഇതിന്റെ സത്ത.

എല്ലാ ആളുകളിലുംവച്ച് ക്രിസ്ത്യാനികൾ വിനയം ഉള്ളവർ ആയിരിക്കണം (എളിമയുള്ളവർ). ചുരുക്കത്തിൽ നാം എത്ര നിസ്സഹായകർ എന്നു മനസ്സിലാക്കുക. വീഴ്ച ഭവിച്ചവർ ആണെന്നു നാം മനസ്സിലാക്കണം. രക്ഷയ്ക്കായി ദൈവനീതിയിൽ എത്രമാത്രം ആശ്രിതത്വം ഉള്ളവരാണ് നാം എന്നു മനസ്സിലാക്കണം. രക്ഷയ്ക്കായി മാത്രമല്ല, ഒരിക്കലും നമ്മൾക്കു നമ്മെത്തന്നെ മാറ്റാൻ അസാദ്ധ്യമായിരിക്കുന്ന സാഹചര്യത്തിൽ, നമ്മളിൽ പരിവർത്തനം ഉണ്ടാകുവാനുള്ള ശക്തിക്കായി നീതിക്കായി നാം എത്രമാത്രം ആശ്രയിക്കുന്നു എന്നു നോക്കുക. പൊങ്ങച്ചം പറയാൻ എന്താണ് നമുക്കുള്ളത്? എന്താണു കൂടുതൽ ആത്മപ്രശംസ നടത്താനായി ഉള്ളത്? കൂടുതൽ അഹങ്കരിക്കാൻ എന്തുണ്ട്? ഒന്നും ഇല്ല. വ്യക്തിഗത എളിമ ദൈവമുമ്പാകെ മാത്രമല്ല, മനുഷ്യരുടെ മുമ്പിലും ഉണ്ടാകാനായി നാം അപ്പൊസ്തലന്റെ ഉപദേശം ഇത്തരുണത്തിൽ കൈക്കൊള്ളുക.

**വായിക്കുക: റോമർ 12:18 ഈ ഉപദേശം നിങ്ങളുടെ ജീവിതത്തിൽ, വചനാനുസരണം ജീവിക്കുന്നതിന് എങ്ങനെ സഹായകമാകും? നിങ്ങളുടെ മനോഭാവത്തിൽ എന്തെങ്കിലും ക്രമപ്പെടുത്തലുകൾ ആവശ്യമാണോ?**

**ചൊവ്വ** **ഡിസംബർ 19**

**ക്രിസ്ത്യാനിയും രാഷ്ട്രവും**

**വായിക്കുക: റോമർ 13:1-7 ഈ തിരുവചനഭാഗത്തുനിന്നും അധികാരത്തോടും അധികാരികളോടും എന്തു സമീപനം ആണ് പുലർത്തേണ്ടതെന്നു നമുക്കു മനസ്സിലാക്കാം?**

അവിശ്വസനീയമാംവിധം നിഷ്ഠൂരമായ ഒരു അക്രൈസ്തവ ഭരണകൂടം രാജ്യം ഭരിക്കുന്നു. സത്യദൈവത്തെക്കുറിച്ച് അജ്ഞരായ അവർ അഴിമതിയുടെ അരങ്ങു തകർത്ത് രാജ്യം ഭരിക്കുന്നു. സത്യദൈവത്തെ ആരാധിക്കുന്നവർക്കെതിരെ ഭയാനകമാംവിധം പീഡനം അഴിച്ചുവിടുന്നു. (പൗലൊസ് ജീവിച്ചിരുന്ന സാഹചര്യം.) ഈ കാലത്ത് റോമർ 13:1-7 വരെ എഴുതി എന്നത് ആശ്ചര്യകരമാണ്. തന്നെയുമല്ല ഈ ഭരണാധികാരികളാണ് പൗലൊസിനെ വധിച്ചതും. ഇതൊക്കെ ആയിട്ടും ഇത്തരം ഭരണകൂടം ആയാൽപ്പോലും എല്ലാ ക്രിസ്ത്യാനികളും ഉത്തമ പൗരന്മാരായിരിക്കണമെന്നു പൗലൊസ് അനുകൂലമായി വാദിക്കുന്നു.

ഭരണകൂടം എന്ന ആശയവും തത്വാധിഷ്ഠിതമായ നിയമങ്ങളും ദൈവനിയോഗം ആണ്. മനുഷ്യർ നിയമാധിഷ്ഠിത സമൂഹത്തിൽ നിയമാനുസാരികളായി സ്വഭാവമഹിമയോടു ജീവിക്കണം. അരാചകത്വം വേദവചന ആശയമല്ല. ഇതിന്റെ അർത്ഥം ദൈവം എല്ലാത്തരം ഭരണകൂടങ്ങളെയും അവ ഭരിക്കുന്ന രീതിയെയും

അംഗീകരിക്കുന്നു എന്നല്ല. വളരെ നിഷ്ഠൂരന്മാരായ ഭരണാധികാരികളെയും ഭരണകൂടത്തെയും ചരിത്രതാളുകളിലും ഇന്നത്തെ ലോകത്തും ദർശിക്കാവുന്നതാണ്. ഇങ്ങനെയുള്ള സാഹചര്യങ്ങൾ ആയാൽപ്പോലും ക്രിസ്ത്യാനികൾ ഭരണകൂടത്തെയും നിയമത്തെയും ആകാവുന്നിടത്തോളം ആദരിക്കണം. രാഷ്ട്രനിയമങ്ങൾ ദൈവനിയമത്തിന് എതിരല്ലാത്തിടത്തോളം കാലം ക്രിസ്ത്യാനികൾ ഭരണകൂടത്തോടു കൂറുപുലർത്തുന്നവരായിരിക്കണം. ശ്രദ്ധാപൂർവ്വവും പ്രാർത്ഥനയോടും കൂടി നല്ല ഉപദേശങ്ങൾ സ്വീകരിച്ചു വേണം ഭരണസംവിധാനങ്ങളോട് സംഘട്ടനങ്ങൾ ഉണ്ടാകുന്ന തീരുമാനങ്ങൾ എടുക്കുന്നത്. ദൈവജനങ്ങൾക്ക് അന്ത്യനാളുകളിൽ ഭരണകൂടങ്ങളിൽനിന്നും പ്രതിസന്ധികൾ നേരിടുമെന്നു പ്രവചനങ്ങൾ മുഖാന്തരം നാം മനസ്സിലാക്കിയിട്ടുണ്ട് (വെളിപ്പാട് 13). ഏതു രാജ്യത്തു ജീവിച്ചാലും ദൈവത്തിനു കൊള്ളാവുന്നവരായി ജീവിക്കണം. മാനുഷിക ഭരണകൂടങ്ങളുടെ അധികാരം ദൈവ നിയോഗമാണെന്ന് നാം ഗ്രഹിക്കണം. അതുകൊണ്ടു നിയമാനുസൃത മണ്ഡലങ്ങളിൽ അനുസരിക്കുകയെന്നത് ഒരു പൗരന്റെ മഹനീയ കർത്തവ്യമാണ്. എന്നാൽ രാഷ്ട്രത്തിന്റെ അവകാശങ്ങൾ നമ്മുടെമേലുള്ള ദൈവത്തിന്റെ അവകാശങ്ങളുമായി സംഘർഷത്തിലാകുമ്പോൾ നമ്മൾ മനുഷ്യരെയല്ല ദൈവത്തെയാണ് അനുസരിക്കേണ്ടത്. എല്ലാ മാനുഷിക നിയമങ്ങൾക്കും മീതെ ദൈവവചനം അംഗീകരിച്ചിരിക്കണം.

"ഭരണകൂടങ്ങളെയോ ഭരണാധികാരികളെയോ ധിക്കരിക്കേണ്ട ആവശ്യം ഇല്ല. നമ്മുടെ വാക്കുകൾ എഴുതുന്നതായാലും, പറയുന്നതായാലും വളരെ ശ്രദ്ധയോടുകൂടെ കൈകാര്യം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം നമ്മൾ നിയമത്തിനും, ചട്ടത്തിനും, രാഷ്ട്രത്തിനും എതിരാണെന്നു മുദ്ര കുത്തപ്പെടും. നമ്മുടെ വഴി അടച്ചുകളയുന്ന ഒരു വ്യർത്ഥസംസാരവും നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല." Ellen G. White, the Acts of Apostles, P 69.

**ബുധൻ** **ഡിസംബർ 20**

**അന്യോന്യം സ്നേഹിക്കുക**

**"അന്യോന്യം സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവൃത്തിച്ചിരിക്കുന്നു." റോമർ 13:8. ഈ വേദഭാഗം നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു? സ്നേഹിക്കുന്നതും കല്പന അനുസരിക്കുന്നതും അല്ലാതെ വേറെ ഒരു ധാർമ്മിക ഉത്തരവാദിത്വവും ഇല്ലെന്നാണോ ഈ വേദഭാഗം അർത്ഥമാക്കുന്നത്?**

യേശുക്രിസ്തു തന്റെ ഗിരിപ്രഭാഷണങ്ങളിലൂടെ പറഞ്ഞതുപോലെ പൗലൊസ് ഇവിടെ ന്യായപ്രമാണത്തിലെ ധർമ്മോപദേശങ്ങളുടെ ശക്തി വർദ്ധിപ്പിക്കുന്നു. അതിന്റെ ഉദ്ദേശ്യം നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളുടെയും പിന്നിൽ പ്രവർത്തിക്കുന്ന പ്രേരകശക്തി സ്നേഹമായതുകൊണ്ടാണ്. ന്യായപ്രമാണം ദൈവസ്വഭാവത്തിന്റെ യഥാർത്ഥ പതിപ്പാണ്. ദൈവം സ്നേഹമാണ്. അതുകൊണ്ടു 'സ്നേഹിക്കുക' എന്നു പറഞ്ഞാൽ ദൈവത്തിന്റെ ന്യായപ്രമാണത്തെ സമ്പൂർണ്ണമാക്കുക

യെന്നാണ്. ന്യായപ്രമാണത്തിൽ വ്യക്തമാക്കിയിരിക്കുന്ന സാന്മാർഗ്ഗിക നിയമങ്ങൾക്കു പകരമല്ല, ചില ക്രിസ്ത്യാനികൾ അവകാശപ്പെടുന്നതുപോലെ സ്നേഹത്തെപ്പറ്റി പൗലൊസ് പ്രസ്താവിച്ചിരിക്കുന്നത്. സാന്മാർഗ്ഗിക ന്യായപ്രമാണം ഇപ്പോഴും ശക്തമായിത്തന്നെ നിലനില്ക്കുന്നു. പാപബോധം നമുക്കു വരുത്തുന്നതു സാന്മാർഗ്ഗിക ന്യായപ്രമാണം ആണ്. അതിന്റെ പ്രസക്തി ആർക്കു നിഷേധിക്കാൻ കഴിയും? സ്നേഹം അടിസ്ഥാനഘടകമാക്കി മാത്രമേ ന്യായപ്രമാണം അനുസരിക്കാൻ സാധിക്കൂ. കർത്താവായ യേശുക്രിസ്തുവിനെ തൂക്കിലേറ്റിയശേഷം, ന്യായപ്രമാണം അനുസരിക്കാനായി ശീഘ്രം ഭവനങ്ങളിലേക്കു പോയവരെപ്പറ്റി ആഴമായി ഒന്നു ചിന്തിച്ചുനോക്കുക.

**ന്യായപ്രമാണത്തിലെ ഏതൊക്കെ കല്പനകളാണ് സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കുന്നു എന്ന് ഉദാഹരണമായി പൗലൊസ് വിവരിച്ചിരിക്കുന്നത്? പ്രത്യേകമായി ഇത് ഉദ്ധരിക്കാൻ കാരണമെന്ത്? റോമർ 13:9.**

സ്നേഹമെന്ന ആശയം പുതുതായി ആവിഷ്കരിച്ച തത്വം അല്ലായെന്നുള്ളത് രസാവഹമാണ്. ലേവ്യാപുസ്തകം 19:18 “കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം.” സ്നേഹിക്കുക എന്നതു പഴയനിയമകാല പ്രമാണത്തിന്റെ അവിഭാജ്യ ഘടകം ആണെന്നു പൗലൊസ് പറയുന്നു. പൗലൊസ് തന്റെ സുവിശേഷപ്രസംഗത്തിന് പഴയനിയമസഹായം തേടിയിരുന്നു. ഈ വേദഭാഗത്തിന്റെ പിൻബലത്തിൽ ചില ആളുകൾ ഏതാനും ചില കല്പനകൾ മാത്രമേ എടുത്തു പറഞ്ഞിട്ടുള്ളു. അതുകൊണ്ട് അവ മാത്രമേ അനുസരിക്കേണ്ടതായിട്ടുള്ളൂ എന്നു വാദിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ക്രിസ്ത്യാനികൾക്ക് അമ്മയപ്പന്മാരെ അപമാനിക്കാമോ? വിഗ്രഹത്തെ ആരാധിക്കാമോ? സ്വർഗ്ഗത്തിലെ ദൈവത്തെ അല്ലാതെ വേറെ ദൈവങ്ങളെ ആരാധിക്കാമെന്ന് ഇതിനർത്ഥമുണ്ടോ?

ഇവിടത്തെ പ്രത്യേക സാഹചര്യം നോക്കുക. മറ്റുള്ളവരുമായി അന്യോന്യം നമ്മുടെ ബന്ധം എങ്ങനെ ആയിരിക്കണമെന്നാണു പൗലൊസ് ചൂണ്ടിക്കാണിക്കുന്നത്. വ്യക്തിപരമായ ബന്ധം വളരെ പ്രധാനപ്പെട്ടതാണ്. ഈ ബന്ധത്തിന്റെ കേന്ദ്രബിന്ദു പത്തുകല്പനയാണെന്നാണ് അപ്പൊസ്തലൻ പറയുന്നത്. പൗലൊസിന്റെ വാദം മറ്റു കല്പനകളെ ഒരിക്കലും നിഷ്പ്രഭം ആക്കുന്നതുപോലെ വ്യാഖ്യാനിക്കപ്പെടരുത് (അ.പ്ര 15:20; 1 തെസ്സലൊനീക്യർ 1:9; 1 യോഹന്നാൻ 5:21). മാത്രമല്ല പുതിയനിയമ എഴുത്തുകാർ സൂചിപ്പിക്കുന്നതുപോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതിലൂടെ, ദൈവത്തോടുള്ള സ്നേഹത്തെ പ്രകടിപ്പിക്കുന്നു (മത്തായി 25:40; 1 യോഹന്നാൻ 4:20,21).

**ദൈവത്തോടുള്ള നിങ്ങളുടെ സ്നേഹത്തെ വിലയിരുത്തുക. അത് എങ്ങനെ മറ്റുള്ളവരോടുള്ള നിങ്ങളുടെ സ്നേഹത്തിൽ പ്രതിഫലിക്കുന്നു. ആ ബന്ധത്തിൽ സ്നേഹത്തിന്റെ സ്വാധീനം എത്രമാത്രം ഉണ്ട്? ദൈവം നിങ്ങളെ സ്നേഹിക്കുന്നതുപോലെ, മറ്റുള്ളവരെ സ്നേഹിക്കുന്നതിന് എങ്ങനെ പഠിക്കാം? അങ്ങനെ ചെയ്യുന്നതിന് എന്താണു വിഘാതമായി നില്ക്കുന്നത്.**

**ഇപ്പോഴാകുന്നു നമുക്ക് രക്ഷ**

**“ഇതു ചെയ്യേണ്ടത് ഉറക്കത്തിൽനിന്നും ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ; നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു” (റോമർ 13:11).**

ഈ ക്വാർട്ടറിലെ പഠനത്തിൽനിന്നും നാം മനസ്സിലാക്കിയത്, പൗലൊസ് പ്രത്യേകം ശ്രദ്ധ കൊടുത്താണു റോമാലേഖനം എഴുതിയിട്ടുള്ളത് എന്നാണ്. റോമിലെ സഭാവിശ്വാസികൾക്കു പ്രത്യേകാൽ യെഹൂദാവിശ്വാസികൾക്കു വിശ്വാസത്തിന്റെയും പ്രവൃത്തിയുടെയും ഉദ്ദേശ്യവും പ്രാധാന്യവും പുതിയ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ വിശദീകരിച്ചു കൊടുക്കുന്നു. വിഷയം ‘രക്ഷ’ എന്നതാണ്. എങ്ങനെ ഒരു പാപി നീതിമാനാകുന്നു? എങ്ങനെ ദൈവമുമ്പാകെ വിശുദ്ധിയിലേക്ക് എത്തുന്നു? ന്യായപ്രമാണത്തിനു കൂടുതൽ ശ്രദ്ധ കൊടുക്കുന്ന വിശ്വാസികളെ സഹായിക്കുന്നതിനു പൗലൊസ് ന്യായപ്രമാണത്തിന്റെ യഥാർത്ഥസ്ഥാനവും പശ്ചാത്തലവും അവർക്കു പഠിപ്പിച്ചുകൊടുത്തു. ആദർശപരമായി യെഹൂദാമതം പഴയനിയമകാലത്തും കൃപയിൽ അധിഷ്ഠിതമായിരുന്നു. നിയമസിദ്ധാന്തം അവരുടെ ഇടയിൽ ഉടലെടുക്കുകയും തന്മൂലം വിശ്വാസം ഹനിക്കപ്പെടുകയും ചെയ്തു. അത്തരം തെറ്റുകൾ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധാലുക്കൾ ആയിരിക്കണം.

**വായിക്കുക: റോമർ 13:11-14. ഇവിടെ എന്തു സംഭവത്തെപ്പറ്റിയാണ് പൗലൊസ് വിവരിക്കുന്നത്? അങ്ങനെ സംഭവിക്കുമെന്നു കരുതി എങ്ങനെ നാം പ്രവർത്തിക്കണം?**

എത്ര ആകർഷകമായാണ് ഇവിടെ പൗലൊസ് വിശ്വാസികളോട് ഉറക്കത്തിൽനിന്നും ഉണരുവാൻ ആഹ്വാനം ചെയ്യുന്നത്. വിശ്വാസികൾ ഒന്നിച്ചു ചേരേണ്ടതിന്റെ ആവശ്യകതയും ഉച്ചസ്വരത്തിൽ അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു, ‘യേശു വീണ്ടും വരുന്നു’. ഈ സുവാർത്ത രണ്ടായിരം വർഷങ്ങൾക്കുമുമ്പ് എഴുതിയതാണെങ്കിലും, നാം എന്നും ജീവിക്കേണ്ടത് കർത്താവ് ആസന്നഭാവിയിൽ വരുമെന്നുള്ള പ്രത്യാശയിൽ ആയിരിക്കണം. നാം എല്ലാവരും ചിന്തിക്കുന്നതുപോലെ നമ്മുടെ നിത്യേനയുള്ള അനുഭവം പോലെ യേശുവിന്റെ രണ്ടാംവരവ് നമ്മുടെ മരണംപോലെ ഏറ്റം അടുത്തും ഏറ്റം സുനിശ്ചിതവുമാണ്. അടുത്ത ആഴ്ച ആണെങ്കിലും അല്ല 40 വർഷങ്ങൾക്കുശേഷം ആയാലും മരണത്തിൽ നാം നമ്മുടെ കണ്ണുകളെ അടയ്ക്കുന്നു. നമ്മൾ ഏതാണ്ട് നാലു ദിവസമേ ഉറങ്ങുന്നുള്ളൂ. 400 വർഷം ഉറങ്ങിയാലും അത് ഒരു വ്യത്യാസവും ഉണ്ടാക്കുന്നില്ല. യേശുക്രിസ്തുവിന്റെ രണ്ടാം വരവിനു സമയം വളരെ കുറവാണ്. നമ്മുടെ രക്ഷ നാം ആദ്യം വിശ്വസിച്ച സമയത്തെക്കാൾ വളരെ അടുത്താണ്.

റോമാലേഖനത്തിൽ പൗലൊസ് യേശുവിന്റെ രണ്ടാംവരവിനെപ്പറ്റി വളരെയധികം കാര്യങ്ങൾ വിവരിക്കുന്നില്ലെങ്കിലും തെസ്സലൊനീക്യർക്ക് എഴുതിയ ലേഖനത്തിലും കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിലും വളരെ വിശദമായി എഴുതിയി

ട്ടുണ്ട്. യേശുക്രിസ്തുവിന്റെ രണ്ടാംവരവ്, തിരുവചനത്തിലെ ഏറ്റവും കാതലായ ഭാഗം തന്നെയാണ്. പ്രത്യേകിച്ചു പുതിയനിയമത്തിൽ. ഈ ഭാഗം ഇല്ലാതെയും ഇതിലടങ്ങിയിരിക്കുന്ന പ്രത്യാശയില്ലാതെയും വിശ്വാസം യഥാർത്ഥത്തിൽ അർത്ഥ ശൂന്യമാണ്. ചുരുക്കത്തിൽ, വിശ്വാസത്താൽ നീതീകരിക്കണം യേശുക്രിസ്തുവിന്റെ രണ്ടാംവരവ് നമ്മളിൽ സ്വാധീനം ചെലുത്തുന്നില്ലെങ്കിൽ, 'വിശ്വാസത്തിൽ നീതീ കരണം'എന്ന സനാതനസത്യം പരിപൂർണ്ണ സഫലീകരണത്തിൽ എത്താതെ പോകും.

യേശുക്രിസ്തു അടുത്ത മാസം വരുന്നു എന്നു നിങ്ങൾക്ക് അറിവുണ്ടെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ എന്തുമാറ്റം വരുത്തും? എന്തുകൊണ്ട്? യേശു വരുന്നതിന് ഒരു മാസം മുമ്പേ ഈ മാറ്റം വരുത്തണമെന്നു നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ എന്തു കൊണ്ട് ആ മാറ്റം ഇപ്പോൾ ആയിക്കൂടാ? എന്തു വ്യത്യാസം നിങ്ങൾ കാണുന്നു?

**വെള്ളി** **ഡിസംബർ 22**

തിരുവചനത്തിൽ ദൈവേഷ്ടം വെളിപ്പെടുത്തിയിട്ടുണ്ട്. തിരുവചനസത്യങ്ങൾ മഹോന്നതനായ ദൈവത്തിന്റെ ഭാഷിതമാണ്. അവന്റെ ജീവന്റെ അംശമാണ് എല്ലാ സൃഷ്ടിയും. പുതിയ മനഃശാന്തിയൊന്നും കൊടുത്തിട്ടില്ല. എന്നാൽ അജ്ഞ തകൊണ്ടും പാപം കൊണ്ടും ഉണ്ടായ ഇരുട്ടുമറ നീങ്ങിക്കിട്ടി. "ഒരു പുതിയ ഹൃദയം ഞാൻ നിനക്കു തരും" ഒരു പുതിയ മനസ്സ് ഞാൻ നിനക്കു തരും എന്നർത്ഥം. ഒരു മാറ്റമുള്ള മനസ്സ്, എല്ലായ്പോഴും ഉറച്ച വിശ്വാസത്താൽ ക്രിസ്തീയ ദൗത്യം ഏറ്റെടു ക്കുന്നതിനായി പരിപാലിക്കപ്പെടുന്നു. സത്യത്തെക്കുറിച്ചു വ്യക്തമായ ജ്ഞാന മുണ്ടാകുന്നു. ശ്രദ്ധാപൂർവ്വമുള്ള പ്രാർത്ഥന തെളിഞ്ഞ ബുദ്ധിശക്തി നൽകുന്നു. ശാന്തമായി തീരുമാനം എടുക്കാനുള്ള കഴിവു തരുന്നു. ദൈവഭാഗത്തു വരുന്നു. എല്ലാംകൊണ്ടും ബുദ്ധിപരമായി ഒരു ഉയർന്ന തലത്തിൽ എത്തുന്നു. EGW, My life today. p. 24.

യേശുക്രിസ്തു വേഗം വരുന്നു. നമ്മൾ ഒരുങ്ങി അവന്റെ പ്രത്യക്ഷതയ്ക്കു വേണ്ടി കാത്തിരിക്കണം. എത്ര ശ്രേഷ്ഠകരമായ അനുഭവമാണ്. കർത്താവിനെ കാണുന്നതും അവനാൽ വീണ്ടെടുക്കപ്പെട്ടവർ എന്ന നിലയിൽ കർത്താവിനാൽ സ്വീകരിക്കപ്പെടുന്നതും എത്ര സൗഭാഗ്യകരമാണ്. എത്രനാൾ നാം കാത്തിരുന്നാലും നമ്മുടെ പ്രത്യാശ മങ്ങിപ്പോകരുത്. അവനെ രാജാവായി അവന്റെ പൂർണ്ണ മഹത്വ ത്തോടും പൂർണ്ണ സൗന്ദര്യത്തോടും കാണാൻ കഴിഞ്ഞാൽ നിത്യതയോളം അനു ഗ്രഹിക്കപ്പെടും. ഭവനത്തിലെത്തിയാൽ എനിക്ക് ഉച്ചസ്വരത്തിൽ ആർത്തു വിളി ക്കണം എന്നു തോന്നുന്നു. യേശുക്രിസ്തു മഹാശക്തിയോടും വൻപ്രഭയോടും കൂടി വരുന്ന സമയം അടുത്തുകൊണ്ടേയിരിക്കുന്നു. വീണ്ടെടുക്കപ്പെട്ടവരെ അവരുടെ നിത്യഭവനത്തിലേക്കു ചേർക്കുവാൻ വേഗം വരുന്നു. EGW, Testimonies for Church, vol 8, p 253.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. ചൊവ്വാഴ്ചത്തെ പഠനഭാഗത്തുള്ള ചോദ്യങ്ങൾ ക്ലാസിൽ ചർച്ചചെയ്യുക: എന്ത് ഉത്തരങ്ങളാണ് ലഭിക്കുന്നത്? ആ ഉത്തരങ്ങൾ ചോദ്യത്തിനോടു നീതി പുലർത്തുന്നുണ്ടോ?

2. ഒരേ സമയം എങ്ങനെ നമുക്കു നല്ല ക്രിസ്ത്യാനികളും നല്ല പൗരന്മാരും ആയിരിക്കാൻ കഴിയും? ദൈവത്തിന്റെ ഇഷ്ടത്തിന് അനുരൂപരായി ഒരു വ്യക്തി വിശ്വസിക്കുന്ന തത്വങ്ങൾക്ക് അനുസരിച്ചു ജീവിച്ചാൽ അത് അവനെയോ അവളെയോ ഭരണകൂടവുമായി ശത്രുതയിലാക്കുമെങ്കിൽ നിങ്ങളോട് ഉപദേശം ചോദിക്കുന്ന ഒരാൾക്കു നിങ്ങൾ എന്ത് ഉപദേശം കൊടുക്കും? എന്തു തത്വങ്ങൾ നിങ്ങൾ പിൻതുടരും? പ്രാർത്ഥനയോടുകൂടി ഗൗരവപൂർണ്ണമായി എടുക്കേണ്ട തീരുമാനമാണെന്ന് എന്തുകൊണ്ടു തോന്നുന്നു? എന്നുവച്ചാൽ സിംഹക്കുഴിയിൽ എറിയപ്പെടുന്ന എല്ലാവരും ഒരു പോറൽപോലും ഏല്ക്കാതെ രക്ഷപ്പെടുന്നില്ല.

3. ന്യായപ്രമാണം അക്ഷരംപ്രതി അനുസരിക്കുന്നതോ അതോ ദൈവത്തെയും മനുഷ്യരെയും നിർവ്യാജം സ്നേഹിക്കുന്നതോ ഏതാണു വിഷമമേറിയത്? അതോ ഈ ചോദ്യം ഒരു തെറ്റായ വിഭാഗീകരണം ഉണ്ടാക്കുമോ? അങ്ങനെയെങ്കിൽ എന്തുകൊണ്ട്?

4. ഈ ക്വാർട്ടറിന്റെ അവസാനഭാഗത്തേക്ക് എത്തുന്ന നമ്മൾ റോമാലേഖനത്തിൽനിന്നും എന്തു പഠിച്ചു? നവോത്ഥാനം എന്തുകൊണ്ട് ഉണ്ടായി എന്നും അതിന്റെ പ്രാധാന്യം എന്തെന്നും മനസ്സിലാക്കാൻ ഈ പഠനം സഹായിച്ചോ? എന്തു വിശ്വസിക്കണമെന്നും എന്തുകൊണ്ടു വിശ്വസിക്കണമെന്നും റോമാലേഖനം നമ്മെ പഠിപ്പിക്കുന്നോ?